(സി) ആർക്കെല്ലാമാണ് മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഗവൺമെന്റിന് ശുപാർശ നൽകിയിട്ടുള്ളത് ;

(ഡി) മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ ഈ വർഷം എത്ര പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്നും എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് അവ അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തുള്ള അരുൺ മെഡിക്കൽ ട്രസ്റ്റ്, മെഡിക്കൽ കോളേജ് ആന്റ് ഹോസ്പിറ്റൽ കോംപ്ലക്സ് കൺവീനറിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി-ബി) പിരിവിൽ സൂചിപ്പിച്ച ട്രസ്റ്റിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല.

പൊതു അവധിമൂലം ഉല്പാദന രംഗത്തുണ്ടാകുന്ന നഷ്ടം

13 (*310) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഏതെല്ലാം വിശേഷ ദിവസങ്ങളിലാണ് പൊതു അവധി നൽകുന്നതെന്നും ഏതെല്ലാം കാര്യങ്ങളോടനുബന്ധിച്ചാണ് പൊതു അവധികൾ പ്രഖ്യാപിക്കാറുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) പൊതു അവധി പ്രഖ്യാപിക്കുന്നതുമൂലം ഉല്പാദന രംഗത്ത് ഒരു ദിവസം എന്തു നഷ്ടമാണ് ഉണ്ടാകുന്നത് ;

(സി) അവധി പ്രഖ്യാപിക്കുന്നതിനു മുമ്പായി വാണിജ്യ വ്യവസായികളുടെ സംഘടനയുമായി ചർച്ച ചെയ്യാറുണ്ടോ ;

(ഡി) പൊതുഅവധികൾ പ്രഖ്യാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇവയ്ക്ക് വ്യത്യാസം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പൊതു അവധി നൽകുന്ന വിശേഷ ദിവസങ്ങളുടെ പട്ടിക† അനുബന്ധം 1-ലും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള അവധി ദിവസങ്ങളുടെ പട്ടിക† അനുബന്ധം II-ലും ചേർത്തിട്ടുണ്ട്. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ, മതപരമായ വിശേഷങ്ങൾ/ഉത്സവ ദിവസങ്ങൾ/എന്നിവ പ്രമാണിച്ചാണ് പൊതുഅവധികൾ പ്രഖ്യാപിക്കാറുള്ളത്.

† അനുബന്ധം 1എ,1ബി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾക്കും മതപരമായ വിശേഷ ദിവസങ്ങൾക്കും ഉത്സവങ്ങൾക്കും മുൻകാലങ്ങളിൽ നല്കി വരുന്ന അവധികളെ അടിസ്ഥാനമാക്കിയാണ് ഓരോ വർഷവും പൊതു അവധികൾ പ്രഖ്യാപിക്കുന്നത്. ഇതിന് വ്യത്യാസം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

നിയോനാറ്റൽ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനവും ഇൻക്യുബേറ്റർ സംവിധാനവും വ്യാപിപ്പിക്കാൻ നടപടി

14 (*311) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബോബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നവജാത ശിശുക്കളുടെ മരണനിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 'നിയോനാറ്റൽ' ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം അടിയന്തരമായി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കിടത്തി ചികിത്സയുള്ള എത്ര ആശുപത്രികളിൽ നവജാത ശിശുക്കളുടെ സുരക്ഷയ്ക്കായി ഇൻക്യുബേറ്റർ സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) കേരളത്തിൽ നവജാത ശിശുക്കളുടെ മരണനിരക്ക് ഇപ്പോൾ 1000 സജീവ ജനനങ്ങളിൽ 10.9 എന്നായി കുറഞ്ഞിട്ടുണ്ട്. എങ്കിലും നിയോനാറ്റൽ യൂണിറ്റുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും നിയോനാറ്റൽ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കൂടാതെ 12 ജില്ലാ ആശുപത്രികളിലും 4 വിമൻസ് ആന്റ് ചിൽഡ്രൻസ് ആശുപത്രികളിലും ന്യൂബോൺ നഴ്സറികൾ പ്രവർത്തിച്ചു വരുന്നു. ഇവ നവീകരിക്കുവാനും പുതിയ ഉപകരണങ്ങൾ ലഭ്യമാക്കാനും മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പരിശീലനം നടത്തുവാനും ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിലും തൈക്കാട് വിമൻ ആന്റ് ചിൽഡ്രൻസ് ആശുപത്രിയിലും ഇൻക്യുബേറ്റർ സൗകര്യം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (എ)

[30-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*310) ദയവായി കാണുക]

സർക്കാർ ആഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകുന്ന പൊതു അവധി ദിവസങ്ങൾ

റിപ്പബ്ലിക് ദിനം

ബക്രീദ്

ശിവരാത്രി

മുഹറം

പെസഹാ വ്യാഴാഴ്ച

ദുഃഖ വെള്ളിയാഴ്ച

വിഷു

മെയ്ദിനം

നബിദിനം

സ്വാതന്ത്ര്യദിനം

ഒന്നാം ഓണം

തിരുവോണം

മൂന്നാം ഓണം

നാലാം ഓണം/ശ്രീനാരായണഗുരു ജയന്തി

ശ്രീകൃഷ്ണ ജയന്തി

ശ്രീനാരായണഗുരു സമാധി ദിനം

മഹാനവമി

വിജയദശമി

ഗാന്ധി ജയന്തി

ദീപാവലി

റംസാൻ

ക്രിസ്തുമസ്

കൂടാതെ എല്ലാ ഞായറാഴ്ചകളും എല്ലാ ഇംഗ്ലീഷ് മാസത്തിലേയും രണ്ടാം ശനിയാഴ്ചകളും അവധിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I ബി

[30-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*310) ദയവായി കാണുക]

നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള അവധി ദിവസങ്ങൾ

റിപ്പബ്ലിക് ദിനം

ബക്രീദ്

ശിവരാത്രി

ദുഃഖ വെള്ളിയാഴ്ച

വിഷു

മെയ്ദിനം

നബിദിനം

സ്വാതന്ത്ര്യദിനം

ഒന്നാം ഓണം

തിരുവോണം

ശ്രീനാരായണഗുരു സമാധി ദിനം

മഹാനവമി

വിജയദശമി

ഗാന്ധി ജയന്തി

ദീപാവലി

റംസാൻ

ക്രിസ്തുമസ്

എല്ലാ ഞായറാഴ്ചകളും

കൂടാതെ വാർഷിക കണക്കെടുപ്പുദിനമായ ഏപ്രിൽ 1-നും, അർദ്ധ വാർഷിക കണക്കെടുപ്പു ദിനമായ സെപ്തംബർ 30-നും വാണിജ്യ-സഹകരണ ബാങ്കുകൾക്ക് അവധിയാണ്.

LIBRARY ARCHIVES Kerala Legislative Assembly